**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5203** **21-07-2022 - ൽ മറുപടിയ്ക്ക്**

**അബാർഡ് തൊഴിലാളികളുടെ കാഷ്വൽ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കേരള കാർഷിക സർവ്വകലാശാലയിൽ ദിവസവേതനാടിസ്ഥാനത്തിൽ തൊഴിലെടുത്തിരുന്ന അബാർഡ് തൊഴിലാളികൾ 2021 ഒക്ടോബർ 12-ാം തീയതി മുതൽ നടത്തിവരുന്ന സമരത്തിന് ആധാരമായി ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങൾ പരിഹരിക്കുന്നതിനായി എന്തെങ്കിലും ചർച്ച നടത്തിയിട്ടുണ്ടോ; | (എ) | സമരത്തിന് ആധാരമായ ബഹു. ഹൈക്കോടതിയുടെ വിധിന്യായം നടപ്പാക്കുന്നത് ബഹു.സുപ്രീംകോടതി സ്റ്റേ ചെയ്തിട്ടുള്ള സാഹചര്യത്തിൽ ചർച്ച നടത്തിയിട്ടില്ല. |
| (ബി) | അബാർഡ് തൊഴിലാളികളെ സർവ്വകലാശാലയിൽ കാഷ്വൽ തൊഴിലാളി നിയമനത്തിന് പരിഗണിക്കണമെന്ന ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ അർഹരായവർക്ക് കാഷ്വൽ തൊഴിലാളികളായി നിയമനം നൽകുന്നതിൽ എന്തെങ്കിലും തടസ്സമുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ? | (ബി) | ഉണ്ട്. അബാർഡ് ട്രെയിനികളെ കാഷ്വൽ തൊഴിലാളികളായി നിയമിക്കുന്നതുമായി ബന്ധപ്പെട്ട കേസിൽ ബഹു. ഹൈക്കോടതിയുടെ വിധി, ബഹു. സുപ്രീംകോടതി സ്റ്റേ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ